Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

28th February 2018

## ഉപതെരഞ്ഞെടുപ്പിൽ 78.24 ശതമാനം പോളിംഗ്

ബുധനാഴ്ച ഉപതെരഞ്ഞെടുപ്പ് നടന്ന 19 തദ്ദേശ സ്വയംഭരണ വാർഡുകളിൽ 78.24 ശതമാനം പേർ വോട്ടു രേഖപ്പെടുത്തിയതായി സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം വയനാട് കണ്ണൂർ ജില്ലകളിലെ 16 ഗ്രാമപഞ്ചായത്ത് വാർഡുകളിലും കോഴിക്കോട് ഒരു നഗരസഭ വാർഡിലും വയനാട് കാസർഗോഡ് ജില്ലകളിലെ ഓരോ ബ്ലോക്ക്പഞ്ചായത്ത് വാർഡിലുമാണ് ഉപതെരഞ്ഞെടുപ്പ് നടന്നത്. ഇന്ന്(മാർച്ച് 1) രാവിലെ 10 മണിക്ക് വോട്ടെണ്ണൽ ആരംഭിക്കും.

തെരഞ്ഞെടുപ്പു നടന്ന ജില്ല, ഗ്രാമ പഞ്ചായത്ത്, വാർഡ്, വോട്ടിംഗ് ശതമാനം എന്ന ക്രമത്തിൽ. തിരുവനന്തപുരം-വിളപ്പിൽ-നൂലിയോട്- 80.56, കൊല്ലം- ഉമ്മന്നൂർ- അണ്ടൂർ-73.85, നെടുമ്പന-പുലിയില-84.46, പത്തനംതിട്ട- തണ്ണിത്തോട്-മണ്ണീറ-72, ചെറുകോൽ-മഞ്ഞപ്രമല-64, ആലപ്പുഴ- എഴുപുന്ന- കുമാരപുരം-87.14, തകഴി-കളത്തിൽപാലം-79.45, കോട്ടയം-മുത്തോലി-തെക്കുംമുറി നോർത്ത്-83.31, എറണാകുളം- രാമമംഗലം- നെട്ടൂപാടം-84.30, വടവുകോട്പുത്തൻകുരിശ്-കരിമുകൾ നോർത്ത്-85.70. തൃശൂർ-ചാഴൂർ- പഴുവിൽനോർത്ത്-80.48, പാലക്കാട്-കുലുക്കല്ലൂർ- മപ്പാട്ടുകര വെസ്റ്റ്-76.90, മലപ്പുറം- തവന്നൂർ- കൂരട-78.28, വെട്ടം-കോട്ടേക്കാട്- 82.27, വയനാട്-തിരുനെല്ലി-അപ്പപ്പാറ- 84.59, കണ്ണൂർ- പേരാവൂർ-പേരാവൂർ-76.63.

കോഴിക്കോട് കൊടുവള്ളി നഗരസഭയിലെ തലപ്പെരുമണ്ണ വാർഡ്- 90.64, വയനാട് ജില്ലയിലെ കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിൽ പടിഞ്ഞാറത്തറ വാർഡ്-64.03, കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ബ്ലോക്ക്പഞ്ചായത്ത് അമ്പലത്തുകര വാർഡ്-57.96. .

*(എസ്.ഇ.സി.13 /2018)*